# ആദിവാസി പ്രക്ഷോഭം പുനരാരംഭിക്കുന്നു

**കോഴിക്കോട് ബ്യൂറോ**

കൽപ്പറ്റ: ഭൂരഹിതരായ മുഴുവൻ ആദിവാസികളെയും പുനരധിവസിപ്പിക്കുമെന്ന് പറഞ്ഞ് കബളിപ്പിച്ച സർക്കാരിനെതിരെയുള്ള പ്രക്ഷോഭ പരിപാടികൾ ആരംഭിക്കുമെന്ന് ആദിവാസി ഗോത്ര മഹാസഭയും ആദിവാസി ദളിത് സമരസമിതിയും തീരുമാനിച്ചതായി സമരസമിതി അധ്യക്ഷ സി. കെ. ജാനു അറിയിച്ചു. ആദിവാസി കരാർപ്രകാരം ഇടുക്കി, കണ്ണൂർ ജില്ലകളിൽ 610 കുടുംബങ്ങൾക്ക് 1300 ഏക്കർ ഭൂമി വിതരണം ചെയ്തുവെങ്കിലും പുനരധിവാസ പരിപാടി സ്തംഭനത്തിലാണ്. മതികെട്ടാൻ വിവാദത്തിന്റെ മറവിൽ വനഭൂമിയിൽ നിന്ന് പുനരധിവാസത്തിന് ഭൂമി നൽകാൻ സാധ്യമല്ലെന്ന മന്ത്രി സുധാകരന്റെ നിലപാടും ആദിവാസി മിഷന് ഫണ്ട് നൽകേണ്ടതില്ലെന്ന മന്ത്രി കുട്ടപ്പന്റെ നിലപാടുമാണ് പുനരധിവാസ പദ്ധതിയെ ഭരണതലത്തിൽ സ്തംഭനത്തിലാക്കിയതെന്ന് ജാനു ആരോപിച്ചു.

ഈ മാസം 24ന് വയനാട് കളക്ടറേറ്റിന് മുന്നിൽ ധർണയും ആദിവാസി അഭയാർത്ഥി ക്യാമ്പ് അവസാനിച്ച ഒക്ടോബർ 16ന് മുഖ്യമന്ത്രിയുടെ വസതിയിലേക്ക് ആദിവാസി ദളിത് റാലിയും നടത്തും. വനംവകുപ്പ് പിരിച്ചുവിട്ട് ആദിവാസി പങ്കാളിത്തത്തോടെ ജനകീയ വന മാനേജ്മെന്റ് നടപ്പാക്കാനുള്ള പ്രക്ഷോഭത്തിന്റെ ഭാഗമായി ട്രൈബൽ കോർട്ട് ആഗസ്റ്റ് 24ന് നടത്തുമെന്നും ജാനു അറിയിച്ചു